പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4599. 04/02/2014 -ൽ മറുപടിക്ക്

**<u>സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവത്ക്കരിക്കാൻ പദ്ധതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>,, എ.റ്റി. ജോർജ്<br>,, ആർ. സെൽവരാജ്<br>,, പി.എ. മാധവൻ. | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവത്കരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) ഉണ്ട്. എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലും കമ്പ്യൂട്ടർവത്കരണം പൂർത്തിയായിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) ആധാരങ്ങളുടെ രജിസ്ട്രേഷൻ പ്രക്രിയ സുഗമവും സുതാര്യവും ആക്കുക, വ്യാജമുദ്രപത്രങ്ങൾ തടയുക, പൊതുജനങ്ങൾക്ക് വിവിധതരം സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക, എല്ലാ സേവനങ്ങൾക്കും ഏകജാലക സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയവയാണ് കമ്പ്യൂട്ടറൈസേഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. |
| സി) ഏതെല്ലാം കേന്ദ്രസഹായമാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | സി) കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി, നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം(NLRMP) പ്രകാരം ഫണ്ടിൽ 25% കേന്ദ്ര സഹായം ലഭിക്കുന്നു. |
| ഡി) ഇവ നടപ്പാക്കുന്നതിന് എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ? | 1.ആധാരങ്ങളുടെ രജിസ്ട്രേഷൻ പ്രക്രിയ സുഗമവും സുതാര്യവും ആക്കുന്നതിനു വേണ്ടി സംസ്ഥാനത്തെ രജിസ്ട്രേഷൻ വിവരങ്ങൾ കേന്ദ്രീകൃത സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. |

.........2

2. വ്യാജ മുദ്രപ്പത്രങ്ങൾ തടയുന്നതിനായി ആധാര രജിസ്ട്രേഷനുകൾക്ക് ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാരപ്പകർപ്പുകൾ സ്കാൻ ചെയ്തു ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.

4. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നല്കുന്നതിനായി, 1980 മുതൽ നാളിതുവരെയുള്ള ആധാരവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള ഡേറ്റ എൻട്രി ജോലികൾ നടന്നുവരുന്നു.

5. സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളെയും തമ്മിൽ ബന്ധപ്പെടുത്തിക്കൊണ്ട് നെറ്റ്‌വർക്ക് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

സെക്ഷൻ ഓഫീസർ.